പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 29

# 2011-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 29

# 2011-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

916/2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 29

# 2011-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1998-ലെ 17) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1998-ലെ 17) 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "പ്രതിമാസം ഏഴ് രൂപ വീതം" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പത്ത് രൂപ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (2)-ാം ഉപവകുപ്പിൽ "ഓരോ മാസവും ഏഴ് രൂപ" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പത്ത് രൂപ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(3) (3)-ാം ഉപവകുപ്പിൽ "ഓരോ മാസവും ഏഴ് രൂപ വീതം" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പത്ത് രൂപ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

KNPP. 916/2011.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിലാളികളും തൊഴിലുടമകളും, സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ക്ഷേമ നിധിയിലേക്ക് നൽകേണ്ട അംശദായം ഏഴ് രൂപയിൽ നിന്നും പത്ത് രൂപയായി വർദ്ധിപ്പിക്കണമെന്ന് തീരുമാനിക്കുകയും അതിനായി സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തു. അപ്രകാരം നിധിയിലേക്ക് തൊഴിലാളികളും തൊഴിലുടമകളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും നൽകേണ്ടതായ അംശദായവും അതിനോടൊപ്പം സർക്കാർ ഗ്രാന്റും വർദ്ധിപ്പിക്കേണ്ടതാണെന്നും അതിനായി 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ഉചിതമായി ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്നും സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 4-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും നൽകിയ അംശദായത്തിന് തുല്യമായ ഒരു തുക ഗ്രാന്റായി ഓരോ വർഷവും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2009 ഡിസംബർ 31-ാം തീയതിയിലെ കണക്കുപ്രകാരം ക്ഷേമനിധി ബോർഡിൽ 20961 അംഗങ്ങളാണുള്ളത്. നിലവിൽ സർക്കാർ ഗ്രാന്റിനത്തിൽ 7.5 ലക്ഷം രൂപയാണ് ബോർഡിന് നൽകുന്നത്. തൊഴിലാളികളുടെ പ്രതിമാസ അംശദായം ഏഴ് രൂപയിൽ നിന്നും പത്ത് രൂപയായി വർദ്ധിപ്പിക്കുമ്പോൾ പ്രതിവർഷം 25,15,320 രൂപ സർക്കാർ ബോർഡിന് നൽകേണ്ടി വരുന്നതാണ്. അതിനാൽ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുമ്പോൾ ഗ്രാന്റിനത്തിൽ സർക്കാർ പ്രതിവർഷം 17,65,320 രൂപ അധികമായി ബോർഡിന് നൽകേണ്ടതായി വരുമെന്ന് കണക്കാക്കുന്നു. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് 17,65,320 രൂപയിൽ കുറയാത്ത അധിക തുക ആവർത്തക വാർഷിക ചെലവായി നൽകേണ്ടി വരുന്നതാണ്.

ഷിബു ബേബി ജോൺ

## 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1998-ലെ 17)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

4. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും പ്രതിമാസം ഏഴ് രൂപാ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) ഈറ്റ ഉൽപ്പന്നങ്ങളുടെയും കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയും അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെയും ഓരോ തൊഴിലുടമയും ഓരോ ഉൽപ്പാദകനും ബന്ധപ്പെട്ട ഓരോ ഈറ്റ അഥവാ കാട്ടുവള്ളി അഥവാ തഴ തൊഴിലാളിക്കും വേണ്ടി ഓരോ മാസവും ഏഴ് രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(3) സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ഓരോ ആളും ഓരോ മാസവും ഏഴ് രൂപാ വീതം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(4) ഈറ്റ തൊഴിലാളികളും കാട്ടുവള്ളി തൊഴിലാളികളും തഴ തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും നൽകിയ അംശദായത്തിന് തുല്യമായ ഒരു തുക ഗ്രാന്റായി ഓരോ വർഷവും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ്.

** ** ** **